# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1387

14.6.2013-ൽ മറുപടിക്ക്

## നഗരങ്ങളിലെ ഖരമാലിന്യ സംസ്കരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മോൻസ് ജോസഫ്<br>,, സി.എഫ്. തോമസ്<br>,, റ്റി. യു. കുരുവിള<br>,, തോമസ് ഉണ്ണിയാടൻ | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) നഗരങ്ങളിലെ ഖരമാലിന്യങ്ങൾ ഫലപ്രദമായി സംസ്കരിക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ എന്തൊക്കെ എന്ന് വ്യക്തമാക്കുമോ ; | എ) 1994-ലെ നഗരപാലിക ചട്ടങ്ങളും 1994-ലെ ത്രിതല പഞ്ചായത്ത് രാജ് ചട്ടങ്ങളും അനുശാസിക്കുന്നത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ ഉൽപാദിപ്പിക്കപ്പെടുന്ന മാലിന്യങ്ങൾ സംഭരിച്ച് പരിവഹണം നടത്തി സംസ്ക്കരിക്കേണ്ട ചുമതല തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ്. ഈ കർത്തവ്യം നിറവേറ്റുന്നതിന്റെ ഭാഗമായി പല നഗരസഭകളും ഖരമാലിന്യങ്ങൾ ശേഖരിച്ച് സംസ്ക്കരിക്കുന്നതിലേയ്ക്കായി മാലിന്യപ്ലാന്റുകൾ സ്ഥാപിക്കാൻ നടപടി എടുക്കുകയുണ്ടായി. എന്നാൽ ഇപ്രകാരം സ്ഥാപിച്ച മാലിന്യ സംസ്ക്കരണ പ്ലാന്റുകൾ കുറ്റമറ്റതായി പ്രവർത്തിപ്പിക്കുവാനും പരിപോഷിപ്പിക്കുവാനും തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ താൽപര്യം കാണിക്കാതിരുന്ന സാഹചര്യത്തിൽ ടി പ്ലാന്റുകൾക്കെതിരെ തദ്ദേശവാസികൾ പ്രക്ഷോഭം സംഘടിപ്പിക്കുകയാണുണ്ടായത്. ഇതിന്റെ ഭാഗമായി മാലിന്യം ഉൽപാദന സ്ഥലത്തു തന്നെ സംസ്ക്കരിക്കുന്നതിലേയ്ക്കായി വികേന്ദ്രീകൃത മാലിന്യ സംസ്ക്കരണ പ്ലാന്റുകൾക്കും ഉറവിട മാലിന്യ സംസ്ക്കരണ പദ്ധതികൾക്കും പ്രോത്സാഹനം നൽകി വരികയാണ്. |
| ബി) ഖരമാലിന്യ സംസ്കരണത്തിന് മറ്റ് രാജ്യങ്ങളും ഇന്ത്യയിലെ വിവിധ നഗരങ്ങളും സ്വീകരിച്ചിട്ടുള്ള ആധുനിക സംവിധാനങ്ങൾ നടപ്പാക്കാൻ നടപടികൾ ഉണ്ടാകുമോ; വിശദാംശം ലഭ്യമാക്കുമോ ? | ബി) ഖരമാലിന്യ സംസ്ക്കരണത്തിന് മറ്റ് രാജ്യങ്ങളിലും ഇന്ത്യയിലെ വിവിധ നഗരങ്ങളിലും സ്വീകരിച്ചിട്ടുള്ള ആധുനിക മാലിന്യ സംസ്ക്കരണ പ്ലാന്റുകൾ തിരുവനന്തപുരം, കോട്ടയം, എറണാകുളം, തൃശൂർ, കോഴിക്കോട്, കണ്ണൂർ എന്നീ സ്ഥലങ്ങളിൽ പി.പി.പി അടിസ്ഥാനത്തിൽ സ്ഥാപിക്കുന്നതിലേയ്ക്കായി സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ദർഘാസുകൾ ക്ഷണിക്കുകയും അവ ഇപ്പോൾ വിവിധ ഘട്ടങ്ങളിലുമാണ്. |

സെക്ഷൻ ഓഫീസർ